സ്പോർട്സ് കൗൺസിൽ പ്രസിഡന്റിന്റെ നിയമനം

123 (3332) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോഴത്തെ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് അധികാരം ഏറ്റെടുത്തത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രസിഡന്റ് ജോലി ഏറ്റെടുത്തതു മുതൽ ഇന്നേവരെ ശമ്പള ഇനത്തിൽ എത്ര രൂപ ഓരോ കൊല്ലവും കൈപ്പറ്റിയെന്ന് വിശദീകരിക്കുമോ ;

(സി) ടിയാൻ ടി.എ, ഡി.എ ഇനത്തിൽ ഓരോ വർഷവും എത്ര രൂപാ കൈപ്പറ്റിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) വണ്ടിയുടെ ഇന്ധനം, മൊബൈൽ ഫോൺ എന്നീയിനങ്ങളിൽ ഓരോ വർഷവും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ;

(ഇ) പ്രസിഡന്റിന്റെ കാറിന്റെ ഡ്രൈവർ ഗവൺമെന്റ് സർവ്വീസിൽ ഉള്ള ആളാണോ ;

(എഫ്) താത്ക്കാലിക ഡ്രൈവർ ആണെങ്കിൽ ഇദ്ദേഹത്തിന് ഓരോ മാസവും എത്ര തുക ശമ്പളമായി കൊടുക്കുന്നുണ്ടെന്ന് വിശദമാക്കുമോ ;

(ജി) പുതിയ പ്രസിഡന്റ് വന്നശേഷം സ്പോർട്സ് കൗൺസിലിൽ എത്ര താത്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇപ്പോഴത്തെ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് കേരളാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റായി 6-8-2001-ലും കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റായി 3-12-2003-ലും അധികാരം ഏറ്റെടുത്തു.

(ബി) കേരളാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് തസ്തിക ഓണററി പോസ്റ്റ് ആയതിനാൽ ശമ്പളമില്ല.

(സി) പ്രസിഡന്റ് ടി.എ., ഡി.എ. ഇനത്തിൽ ഓരോ വർഷവും കൈപ്പറ്റിയ തുക താഴെ ചേർക്കുന്നു :

2001-02	-	40,354 രൂപ
2002-03	-	1,29,049 രൂപ
2003-04	-	1,80,766 രൂപ
2004-05	-	2,39,509 രൂപ

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വാഹനത്തിന്റെ ഇന്ധനത്തിനായി താഴെ ചേർക്കുന്ന തുക ചെലവായിട്ടുണ്ട് :

2001-02	-	85,100 രൂപ
2002-03	-	1,11,110 രൂപ
2003-04	-	1,23,046 രൂപ
2004-05	-	1,00,927 രൂപ

മൊബൈൽ ഫോൺ ഇനത്തിൽ താഴെ ചേർക്കുന്ന തുക ചെലവായിട്ടുണ്ട്.

2002	-	760 രൂപ
2003	-	20,720 രൂപ
2004	-	24,625 രൂപ

(ഇ) അല്ല.

(എഫ്) ജോലി ചെയ്യുന്ന ദിവസങ്ങളിൽ പ്രതിദിനം 140 രൂപ നിരക്കിൽ വേതനം നൽകിവരുന്നു.

(ജി) പുതിയ പ്രസിഡന്റ് വന്നശേഷം പരിശീലകർ ഉൾപ്പെടെ 64 താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

സ്പോർട്സിന്റെ ഉന്നമനത്തിന് നടപടി

124 (3333) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സ്പോർട്സിന്റെ ഉന്നമനത്തിനായി 2005-06 ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചിട്ടുണ്ട് ; ഇതിൽ വിദ്യാഭ്യാസ വകുപ്പിന് എത്ര ; സ്പോർട്സ് കൗൺസിലിന് എത്ര ;

(ബി) സ്പോർട്സിന്റെ ഉന്നമനത്തിനായി കേരളത്തിൽ സ്പോർട്സ് ഫണ്ട് രൂപീകരിക്കാൻ അബ്കാരി നികുതിയുടെ 50% തുക പ്രത്യേകം മാറ്റിവയ്ക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ആന്ധ്രയിലും മറ്റ് ചില സംസ്ഥാനങ്ങളിലും സ്പോർട്സിന് നികുതിയിൽ നിന്നും തുക മാറ്റിവയ്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly